# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2020 ഫെബ്രുവരി 29

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

ഒന്നാം സെമസ്റ്റർ എം.എ., എം.എസ് സി., എം.സി.ജെ., എം.എം.എച്ച്., എം.എസ്.ഡബ്ള്യു, എം.ടി.എ. ആൻഡ് എം.ടി.ടി.എം. (2015 -2018 അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013, 2014 അഡ്മിഷൻ മേഴ്സി ചാൻസ്) പരീക്ഷയ്ക്ക് പിഴയില്ലാതെ മാർച്ച് മൂന്നു വരെയും 525 രൂപ പിഴയോടെ മാർച്ച് നാലിനും 1050 രൂപ സൂപ്പർ ഫൈനോടെ മാർച്ച് അഞ്ചുവരെയും അപേക്ഷിക്കാം. പരീക്ഷഫീസിനും സി.വി. ക്യാമ്പ് ഫീസിനുമൊപ്പം 2012, 2013, 2014 അഡ്മിഷൻ വിദ്യാർഥികൾ യഥാക്രമം 10,500, 7,350, 5,250 രൂപ വീതം സ്പെഷൽ ഫീസടയ്ക്കണം. അപേക്ഷ നൽകേണ്ടതടക്കം വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/297/2020)

## അപേക്ഷ തീയതി നീട്ടി

അഞ്ച്, ആറ് സെമസ്റ്റർ ബി.എ., ബി.കോം പ്രൈവറ്റ് രജിസ്ട്രേഷൻ (സി.ബി.സി.എസ്. 2017 അഡ്മിഷൻ റഗുലർ) പരീക്ഷയ്ക്ക് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ മാർച്ച് നാലുവരെയും 525 രൂപ പിഴയോടെ മാർച്ച് ആറുവരെയും 1050 രൂപ സൂപ്പർഫൈനോടെ മാർച്ച് ഏഴുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/298/2020)

## എം.എഡ്. ഇന്റേണൽ

ഒന്നാം സെമസ്റ്റർ എം.എഡ്. (ദ്വിവത്സരം - 2019 അഡ്മിഷൻ റഗുലർ) ഐ.സി.റ്റി. ആന്റ് സ്കിൽ ഡെവലപ്മെന്റ് പേപ്പറിന് എക്സ്റ്റേണൽ പരീക്ഷയില്ല. ടൈംടേബിളിൽ മാർച്ച് 13ന് ഷെഡ്യൂൾ ചെയ്ത പ്രസ്തുത പേപ്പറിന് ഇന്റേണൽ അസസ്മെന്റ് മാത്രമേ നടക്കൂ. വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/299/2020)

## പരീക്ഷ ഫലം

2019 ഓഗസ്റ്റിൽ സ്കൂൾ ഓഫ് സോഷ്യൽ സയൻസസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എ. ഹിസ്റ്ററി, ആന്ത്രോപോളജി(സി.എസ്.എസ്.) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/296/2020)

2019 ജൂലൈയിൽ സ്കൂൾ ഓഫ് മാനേജ്മെന്റ് ആൻഡ് ബിസിനസ് സ്റ്റഡീസിൽ നടന്ന രണ്ടാം സെമസ്റ്റർ എം.ബി.എ. (റഗുലർ, റീഅപ്പിയറൻസ്-സി.എസ്.എസ്.) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/300/2020)

## ഓഫീസ് അസിസ്റ്റന്റ്; അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാല ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിങ്

നിയമിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. ഒരൊഴിവാണുള്ളത്. ബിരുദവും സർവകലാശാല ഓഫീസ് ജോലിയിൽ ഒരു വർഷത്തെ പ്രവൃത്തിപരിചയവുമാണ് യോഗ്യത. മാസം 15000 രൂപ ലഭിക്കും. താത്പര്യമുള്ളവർ ബയോഡേറ്റ, യോഗ്യത തെളിയിക്കുന്ന രേഖകളുടെ സ്വയംസാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ, ഫോൺ, ഇ-മെയിൽ വിലാസം എന്നിവ സഹിതമുള്ള അപേക്ഷ മാർച്ച് 12നകം ഡയറക്ടർ, ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ഓർഗാനിക് ഫാമിങ് ആൻഡ് സസ്റ്റെയിനബിൾ അഗ്രിക്കൾച്ചർ, മഹാത്മാഗാന്ധി സർവകലാശാല, പി.ഡി. ഹിൽസ് പി.ഒ. കോട്ടയം പിൻ: 686560 എന്ന വിലാസത്തിൽ ലഭിക്കണം. അഭിമുഖ തീയതി ഇ-മെയിൽ മുഖേന അറിയിക്കും. വിശദവിവരത്തിന് ഫോൺ: 0481 2730009.

(പി.ആർ.ഒ/39/301/2020)

## സെനറ്റ് തെരഞ്ഞെടുപ്പ്;
## അന്തിമ സ്ഥാനാർഥി പട്ടിക

മഹാത്മാ ഗാന്ധി സർവകലാശാല സെനറ്റ് തെരഞ്ഞെടുപ്പിനുള്ള വിവിധ നിയോജകമണ്ഡലങ്ങളിലെ അന്തിമ സ്ഥാനാർഥി പട്ടിക സംബന്ധിച്ച വിജ്ഞാപനം പ്രസിദ്ധീകരിച്ചു. സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/302/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ